# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 485** **25.10.2016- ൽ മറുപടിക്ക്**

**കൈത്തറി-ഖാദി വസ്ത്രങ്ങളിലെ കൃത്രിമ ചായങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ഉബൈദുള്ള<br>ശ്രീ.മഞ്ഞളാംകുഴി അലി<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന്<br>ശ്രീ.സി.മമ്മൂട്ടി | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) കൈത്തറി-ഖാദി വസ്ത്രങ്ങൾക്ക് പ്രകൃതിദത്ത ചായങ്ങൾക്ക് പകരം കൃത്രിമ ചായങ്ങൾ ഉപയോഗിക്കുന്നത് അവയുടെ വിശ്വാസ്യതയ്ക്ക് കോട്ടം തട്ടിക്കുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; | (എ) കൈത്തറി-ഖാദി വസ്ത്രങ്ങൾക്ക് പ്രകൃതിദത്ത ചായങ്ങൾക്ക് പകരം കൃത്രിമ ചായങ്ങൾ ഉപയോഗിക്കുന്നത് അവയുടെ വിശ്വാസ്യതയ്ക്ക് കോട്ടം തട്ടുമെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (ബി) കൈത്തറി മേഖലയിൽ പ്രകൃതിദത്ത ചായങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടോ; | (ബി) കണ്ണൂർ ജില്ലയിൽ പ്രകൃതിദത്ത ചായങ്ങൾ നിർമ്മിക്കുന്ന 7 യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. |
| (സി) എങ്കിൽ ഇവയ്ക്ക് സർക്കാർ സഹായമെന്തെങ്കിലും നല്കുന്നുണ്ടോ;വിശദമാക്കുമോ? | (സി) നൽകുന്നുണ്ട്. 2014-15 വർഷത്തിൽ പ്രകൃതിദത്ത ചായങ്ങൾ നിർമ്മിക്കുന്നതിനും, ഡൈയിംഗിനുമുള്ള പരിശീലനത്തിനും, ഓർഗാനിക് വസ്ത്രങ്ങൾ നിർമ്മിക്കുന്നതിനും, അവയുടെ മാർക്കറ്റിംഗിനുമായി സർക്കാർ 33,92,500/- രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ